## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4080 16.05.2017-ൽ മറുപടിക്ക്

### മാന്വൽ ഡ്രഡ്ജിംഗ് സംബന്ധിച്ച പുതിയ നയം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം. വിൻസെന്റ്<br>,, കെ.എസ്.ശബരീനാഥൻ<br>,, വി.ഡി.സതീശൻ<br>,, കെ.മുരളീധരൻ** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് മാന്വൽ ഡ്രഡ്ജിംഗ് സംബന്ധിച്ച പുതിയ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) യും (ബി) യും (സി) യും | ഉണ്ട്. 09/2/2017 ലെ സ.ഉ.(കൈ) നം. 2/2017/മത്സ്യ ഉത്തരവിലൂടെ പ്രഖ്യാപിച്ച പുതിയ നയം അനുസരിച്ച് സഹകരണ സംഘങ്ങൾക്കുപകരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് മാന്വൽ ഡ്രഡ്ജിംഗ് നടത്തിപ്പിനുള്ള ചുമതല. പരിചയ സമ്പന്നരും തദ്ദേശീയരുമായ മണൽ വാരൽ തൊഴിലാളികളെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അവരുടെ തൊഴിലാളി കളായി രജിസ്റ്റർ ചെയ്യുകയും ഈ തൊഴിലാളികൾ മുഖാന്തിരം മാന്വൽ ഡ്രഡ്ജിംഗ് നടത്തുകയും ചെയ്യും. ഡ്രഡ്ജ് ചെയ്ത് മാറ്റേണ്ടുന്ന പദാർത്ഥങ്ങളുടെ അളവ് അതാത് പോർട്ട് കൺസർവേറ്റർമാർ നിശ്ചയിക്കുകയും അതിനനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡ്രഡ്ജിംഗ് നടത്തുകയും ചെയ്യുന്നു. തുറമുഖവകുപ്പിന്റെ ഓൺലൈൻ ബുക്കിംഗ് സംവിധാനത്തിലൂടെ യാണ് മണൽ ബുക്കിംഗും വിപണനവും സജ്ജീകരിച്ചിരിക്കുന്നത്. 2017 ഏപ്രിൽ മുതൽ പുതിയ നയമനുസരിച്ചാണ് മാന്വൽ ഡ്രെഡ്ജിംഗ് നടത്തേണ്ടത്. തൊഴിലാളി കളുടെ കൂലി, മണലിന്റെ വിൽപ്പന വില എന്നിവ 28/4/2017-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 10/17/മത്സ്യ പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. |
| ബി) | മാന്വൽ ഡ്രഡ്ജിംഗ് സംബന്ധിച്ച നിലവിലെ രീതിക്ക് വ്യത്യസ്ഥമായി എന്തെല്ലാം കാര്യങ്ങളാണ് പുതിയ നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | പുതിയ നയം എന്നു മുതൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**